# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2446 20/06/2012-ൽ മറുപടിക്ക്

## സഞ്ചരിക്കുന്ന വൈദ്യസഹായ യൂണിറ്റുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. കെ. ബാലൻ | | കുമാരി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | ആദിവാസിമേഖലയിൽ എത്ര സഞ്ചരിക്കുന്ന വൈദ്യസഹായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; ജില്ലയും മേഖലയും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | എ | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, ഇടുക്കി ജില്ലകളിൽ രണ്ട് മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് കേന്ദ്രമായും, ഇടുക്കി ജില്ലയിൽ തൊടുപുഴ കേന്ദ്രമായുമായാണ് ഇവ പ്രവർത്തിക്കുന്നത്. |
| ബി | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതുതായി എത്ര യൂണിറ്റുകൾ കൂടി ആരംഭിച്ചു; ജില്ലയും മേഖലയും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ? | ബി | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അധീനതയിലുള്ള സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റുകൾക്ക് പുറമെ 2011-12 വർഷം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പൂൾഡ് ഫണ്ടിൽ നിന്നും 2.88 കോടി രൂപ എട്ട് ആദിവാസി മേഖലകളിൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ തുടങ്ങുന്നതിനായി ആരോഗ്യ വകുപ്പിന് അനുവദിക്കുകയുണ്ടായി. ഇവയിൽ 2 എണ്ണം പത്തനംതിട്ട ജില്ലയിലേക്കും 3 എണ്ണം വീതം പാലക്കാട്, വയനാട് ജില്ലകളിലേക്കുമാണ് അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ